ഉത്തരം

പ്രസ്തുത നിവേദനം സംസ്ഥാനത്തെ അർബൻ ഹെൽത്ത് ടീം വഴി ആരോഗ്യ കേരളം കോഴിക്കോട് ജില്ലാ പ്രോഗ്രാം മാനേജർക്ക് നൽകിയതിൻ പ്രകാരം ലഭ്യമാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ബഹുമാനപ്പെട്ട എം.എൽ.എ. നിവേദനത്തിൽ പരാമർശിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ നടേരി നഗരാരോഗ്യ കേന്ദ്രം (കൊയിലാണ്ടി നഗരസഭ) 2014 നവംബർ മാസം മുതൽ തീർത്തും അപര്യാപ്തമായ കെട്ടിട സൗകര്യത്തിൽ പ്രവർത്തിച്ചുവരികയാണ്. ടി സെന്റർ കൂടുതൽ സ്ഥല സൗകര്യത്തിൽ പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തുതരേണ്ടത് കൊയിലാണ്ടി നഗരസഭയാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പരാതി (നമ്പർ 3417/VIP/M(H&D)/2015, തീയതി 6-7-2015) ലഭിക്കുന്നതിനു മുമ്പും ശേഷവും സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ ഓഫീസിൽ നിന്നും കോഴിക്കോട് ജില്ലാ ആരോഗ്യ കേരളം പ്രോഗ്രാം മാനേജരുടെ കാര്യാലയത്തിൽ നിന്നും നിരവധി തവണ നഗരസഭ അദ്ധ്യക്ഷയുമായി സംസാരിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറുടെ നിർദ്ദേശപ്രകാരം കോഴിക്കോട് ജില്ലാ പ്രോഗ്രാം മാനേജർ ഇതേ ആവശ്യം ഉന്നയിച്ച് കൊയിലാണ്ടി നഗരസഭയ്ക്ക് കത്തും അയച്ചിരുന്നു. (നമ്പർ DPMSU/KKD/118/2014, തീയതി 22-9-2015). പക്ഷേ പുതിയ കെട്ടിടത്തിന് തുക വകകൊള്ളിച്ചതല്ലാതെ കെട്ടിടം ഇനിയും യാഥാർത്ഥ്യമായിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹത്തിന്റെ അപേക്ഷയിലൂടെ ആവശ്യപ്പെട്ട പ്രകാരം നിലവിൽ ആരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചു നീക്കുന്നതിന് അനുമതി നൽകേണ്ടത് എൻ.എച്ച്.എം. മിഷൻ ഡയറക്ടറല്ല. പുതിയ കെട്ടിടത്തിന് വേണ്ട ഫണ്ടനുവദിക്കലും മിഷൻ ഡയറക്ടറുടെ അധികാര പരിധിയിലുള്ള സംഗതിയല്ല.

വ്യാജ മരുന്നുകളുടെ നിയന്ത്രണം

24(2492) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊളസ്ട്രോൾ, പ്രമേഹം, അമിതവണ്ണം എന്നിങ്ങനെയുള്ള രോഗങ്ങൾ നിയന്ത്രിക്കുമെന്ന അവകാശവാദങ്ങളുമായി ആയുർവേദ-അലോപ്പതി മരുന്നുകളുടെ പരസ്യങ്ങൾ പ്രമുഖ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലെ പ്രസിദ്ധീകരിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ മരുന്നുളുടെ ആധികാരിത പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സ്വയം ചികിത്സയ്ക്കും മരുന്നിന്റെ ദുരുപയോഗത്തിനും ഇടയാക്കുന്ന ഇത്തരം പരസ്യങ്ങൾ നിരോധിക്കുന്നതിനും അവയുടെ വിപണനം തടയുന്നതിനും നിയമങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഏത് തരത്തിലാണ് ഇവ നിയന്ത്രിക്കുവാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം മരുന്നുകൾ ഉപയോഗിച്ച് ആരോഗ്യത്തിന് അപകടം സംഭവിച്ചതോ ജീവഹാനി സംഭവിച്ചതോ ആയ ഏതെങ്കിലും സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) പൊതുജനാരോഗ്യത്തിന് ഭീഷണിയായിട്ടുള്ളതും ഉപഭോക്താക്കളെ കബളിപ്പിക്കുന്നതുമായ ഇത്തരം മരുന്നുകൾ നിയന്ത്രിക്കുന്നതിനും പരസ്യങ്ങൾ തടയുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) നിയമങ്ങൾക്ക് വിരുദ്ധമായി പരസ്യം ചെയ്യുന്ന മരുന്ന് നിർമ്മാതാക്കൾക്കെതിരെ വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ കോടതികളിലായി ഇപ്രകാരമുള്ള 126 കേസുകൾ നടന്നുവരുന്നു. സ്വയം ചികിത്സയ്ക്കും മരുന്നുപയോഗത്തിനും ഉതകുന്ന രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിൽ വരുത്തിയിട്ടുള്ള ഡ്രഗ്സ്& മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട് 1954-ന്റെ ചട്ടങ്ങൾക്ക് വിരുദ്ധമായി മരുന്നുകളെ സംബന്ധിച്ച് അത്ഭുതകരമായ ഫലപ്രാപ്തിയും വ്യാജമായ അവകാശവാദങ്ങളും ഉന്നയിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾ പത്ര മാധ്യമങ്ങളിൽ വ്യാപകമാകുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയുർവേദ ഉൽപ്പന്നങ്ങളാണ് പൊതുവെ ഇപ്രകാരം നിയമ വിരുദ്ധമായി പരസ്യം ചെയ്യുവരുന്നത്. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പരസ്യങ്ങളെക്കുറിച്ചും ശാസ്ത്രീയമായ മരുന്നുപയോഗം സംബന്ധിച്ചും പത്ര മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനായും ഇത്തരം പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കാനായും വകുപ്പ് ദിനപ്പത്രങ്ങളുടെ ചീഫ് എഡിറ്റേഴ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധതരം രോഗാവസ്ഥകൾ മരുന്നുകൾ മുഖേന ഭേദമാക്കാമെന്ന് യാതൊരു അവകാശവാദവും ഉന്നയിക്കാൻ പാടില്ല എന്ന് കേന്ദ്ര നിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 ന്റെ 1945-ന കീഴിലെ ഷെഡ്യൂൾ 'ജെ' യിൽ പ്രതിപാദിച്ചിട്ടുണ്ട്. അത്ഭുതകരമായ ഫലപ്രാപ്തിയും മരുന്നുകളെപ്പറ്റിയുള്ള തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങളും നിയന്ത്രിക്കുന്നത് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട് 1954 പ്രകാരമാണ്. ആയുർവദ, അലോപ്പതി, ഹോമിയോ മരുന്നുകൾക്ക് ഈ ആക്ട് ബാധകമാണ്. അലോപ്പതി മരുന്നുകളുടെ വിഷയത്തിൽ ഈ ആക്ട് വളരെ കർശനമായിത്തന്നെ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ ഈ ആക്ടിലെ ചില പഴുതുകൾ ഉപയോഗിച്ച് അത്ഭുതകരമായ ഫലപ്രാപ്തിയുണ്ടെന്ന് തെറ്റിദ്ധാരണ ഉളവാക്കുന്ന ആയുർവേദ മരുന്നുകളുടെ പരസ്യങ്ങൾ വ്യാപകമായി മാധ്യമങ്ങളിൽ കാണുന്നുണ്ട്. അടുത്ത കാലങ്ങളിൽ ദൃശ്യ-ശ്രവണ മാധ്യമങ്ങളുടെ അതിപ്രസരം കാരണമാണ് ആയുർവ്വേദ മരുന്നുകളുടെ ഇത്തരത്തിലുള്ള പരസ്യങ്ങൾ വ്യാപകമായിട്ടുള്ളത്. ഈ ആക്ടിന്റെ ലംഘനത്തിനെതിരായി ഏതാണ്ട് 126-ഓളം കേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളിലായി നടന്നുവരുന്നു. ഈ വിഷയത്തിൽ കർശനമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ഡി) വ്യാജ പരസ്യങ്ങൾ വഴി മരുന്നുകൾ ഉപയോഗിച്ച് ആരോഗ്യത്തിന് അപകടം സംഭവിച്ചതോ ജീവഹാനി സംഭവിച്ചതോ ആയിട്ടുള്ള സംഭവങ്ങൾ ഒന്നുംതന്നെ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) നിയമങ്ങൾക്ക് വിരുദ്ധമായി പരസ്യം ചെയ്യുന്ന മരുന്ന് നിർമ്മാതാക്കൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ വിവിധ കോടതികളിലായി ഇപ്രകാരമുള്ള 126 കേസുകൾ നടന്നുവരുന്നു. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പരസ്യങ്ങളെക്കുറിച്ചും ശാസ്ത്രീയമായ മരുന്നുപയോഗം സംബന്ധിച്ചും പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനായും ഇത്തരം പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കാനായും വകുപ്പ് ദിനപത്രങ്ങളുടെ ചീഫ് എഡിറ്റേഴ്സിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ കർശന നടപടികൾ സ്വീകരിക്കുന്നതിലേക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly